# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്.

**(ഹാജർ : കെ. സജീവ് കർത്താ)**

RCS/02/2025-EB(1)

തിരുവനന്തപുരം, തീയതി : 09.01.2025
website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽനിന്നും ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - സ്ഥലം മാറ്റം - സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുമതല കൈമാറുന്നതിനും, ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം : സ.ഉ. (സാധാ) നമ്പർ 14/2025/സഹ തീയതി: 08.01.2025

..........

മേൽ പരാമർശം പ്രകാരം ചുവടെ പേരു പറയുന്ന അസിസ്റ്റന്റ് രജിസ്ട്രാറിനെ ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് 63700-123700/- രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം | പേരും, നിലവിലുള്ള തസ്തികയും | ഉദ്യോഗക്കയറ്റം/സ്ഥലം മാറ്റം നൽകി നിയമിച്ച തസ്തിക |
|---|---|---|
| 1 | ശ്രീമതി. വിജയലക്ഷ്മി അമ്മ. ആർ., (PEN No. 159287) അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ഓഫീസർ, നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, നെയ്യാറ്റിൻകര. | ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്), സൗത്ത് സോൺ, ആലപ്പുഴ. |

മേൽ ഉദ്യോഗകയറ്റത്തോടനുബന്ധിച്ച് ടി ഉദ്യോഗസ്ഥൻ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം | പേരും, നിലവിലുള്ള തസ്തികയും | നിലവിലുള്ള തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ഉദ്യോഗസ്ഥൻ | പുതിയ തസ്തികയുടെ ചുമതല നൽകേണ്ട ഓഫീസർ |
|---|---|---|---|
| 1 | ശ്രീമതി. വിജയലക്ഷ്മി അമ്മ. ആർ., (PEN No. 159287) അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ഓഫീസർ, നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, നെയ്യാറ്റിൻകര. | അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, തിരുവനന്തപുരം. | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, ആലപ്പുഴ. |

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ഓഫീസർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിച്ചു വരുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനോടൊപ്പം കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ഓഫീസർ ചുമതല കൈമാറിയതിന്റെയും, ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
കെ. സജീവ് കർത്താ
സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം,

5) ജോയിന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരം,
6) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) തിരുവനന്തപുരം,
7) ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം,
8) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)